✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

**1006**

# സൂറ – 31 / ലുഖ്മാൻ

### സൂക്തം: 12 – 13

ആരായിരുന്നു ഈ ലുഖ്മാൻ? അതേക്കുറിച്ച് കൃത്യമായ അറിവൊന്നും പ്രവാചക കാലത്തെ അറബികൾക്കുണ്ടായിരുന്നില്ല. ഒരു ചരിത്രവും അവർ എഴുതി സൂക്ഷിക്കാറില്ലായിരുന്നു. കർണാ കർണികയാ തലമുറകളിലൂടെ പകർന്നുകിട്ടിയ ഐതിഹ്യങ്ങളായിരുന്നു ജാഹിലീ അറബികളുടെ ചരിത്രം. അതിൽ ഭാവനകളും വ്യാജങ്ങളും കടന്നുകൂടുക സ്വാഭാവികമാണല്ലോ. ഇസ്രാഈലീ പ്രവാചകന്മാരിൽപെട്ട അയ്യൂബ് നബിയുടെ സഹോദരീപുത്രനോ മാതൃസഹോദരീപുത്രനോ ആണ് ഇദ്ദേഹമെന്ന് .ബൈളാവി പറയുന്നു

وَلَقَدْ آتَيْنَا لُقْمَانَ الْحِكْمَةَ أَنِ اشْكُرْ لِلَّهِ ۚ وَمَن يَشْكُرْ فَإِنَّمَا يَشْكُرُ لِنَفْسِهِ ۖ وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ حَمِيدٌ ﴿١٢﴾

12. ലുഖ്മാന് നാം ജ്ഞാനമരുളിയിട്ടുണ്ടായിരുന്നു. എന്തെന്നാൽ അല്ലാഹുവിനോട് നന്ദിയുള്ളവനായിരിക്കണം. അല്ലാഹുവിനോട് നന്ദി കാണിക്കുന്നവൻ നന്ദി കാണിക്കുന്നത് തന്നോടുതന്നെയാകുന്നു. വല്ലവനും നന്ദികേട് കാട്ടിയാലോ, അല്ലാഹു തന്നിൽതന്നെ എല്ലാം തികഞ്ഞ പരാശ്രയത്തിനതീതനും സ്വയം സ്തുത്യനുമാകുന്നു.

**12**

وَلَقَدْ آتَيْنَا لُقْمَانَ= നിശ്ചയം നാം ലുഖ്മാന് നൽകിയിട്ടുണ്ട് الْحِكْمَةَ= തത്ത്വജ്ഞാനം

أَنِ اشْكُرْ لِلَّهِ= നീ അല്ലാഹുവിനോട് നന്ദി കാണിക്കണമെന്ന് وَمَن يَشْكُرْ = ആർ നന്ദി കാണിക്കുന്നുവോ

فَإِنَّمَا يَشْكُرُ لِنَفْسِهِ = തീർച്ചയായും അവൻ തന്നോടുതന്നെ നന്ദി കാണിക്കുന്നു

وَمَن كَفَرَ = വല്ലവനും നന്ദികേട് കാണിക്കുന്നുവോ

فَإِنَّ اللَّهَ= നിശ്ചയം അല്ലാഹു غَنِيٌّ = അനാശ്രയനാണ് حَمِيدٌ = സ്തുത്യനാണ്

മുഖവുരയായി അല്ലാഹുവിന്റെ അസ്തിത്വത്തിന്റെയും ഏകത്വത്തിന്റെയും ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ച ശേഷം ലുഖ്മാന്റെ തത്ത്വോപദേശങ്ങളിലേക്ക് കടക്കുകയാണ്. ജാഹിലീ അറബികൾക്ക് ഏറെ സുപരിചിതനായ തത്ത്വചിന്തകനായിരുന്നു ലുഖ്മാൻ. ഇംറുഉൽ ഖൈസ്, ത്വറഫ, ഇബ്നു റബീഅ തുടങ്ങിയ പ്രമുഖ ജാഹിലീ കവികൾ അവരുടെ കവിതകളിൽ ലുഖ്മാനെ പരാമർശിക്കുന്നുണ്ട്. ലുഖ്മാന്റെ തത്ത്വോപദേശങ്ങൾ എന്ന പേരിൽ അനേകം സാരവാക്യങ്ങൾ നാടെങ്ങും പ്രചരിച്ചിരുന്നു.

ആരായിരുന്നു ഈ ലുഖ്മാൻ? അതേക്കുറിച്ച് കൃത്യമായ അറിവൊന്നും പ്രവാചക കാലത്തെ അറബികൾക്കുണ്ടായിരുന്നില്ല. ഒരു ചരിത്രവും അവർ എഴുതി സൂക്ഷിക്കാറില്ലായിരുന്നു. കർണാ കർണികയാ തലമുറകളിലൂടെ പകർന്നുകിട്ടിയ ഐതിഹ്യങ്ങളായിരുന്നു ജാഹിലീ അറബികളുടെ ചരിത്രം. അതിൽ ഭാവനകളും വ്യാജങ്ങളും കടന്നുകൂടുക സ്വാഭാവികമാണല്ലോ. ഇസ്രാഈലീ പ്രവാചകന്മാരിൽപെട്ട അയ്യൂബ് നബിയുടെ സഹോദരീപുത്രനോ മാതൃസഹോദരീപുത്രനോ ആണ് ഇദ്ദേഹമെന്ന് ബൈളാവി പറയുന്നു. ആസറിന്റെ സന്തതികളിൽപെട്ട ബാഊറാൻ ആണ് പിതാവ്. ലുഖ്മാൻ ദാവൂദ് നബിയുടെ സമകാലീനനാണെന്നും ദാവൂദ് നബി അദ്ദേഹത്തെ ന്യായാധിപനായി നിയോഗിച്ചുവെന്നും കൂടി പ്രസ്താവമുണ്ട്. എത്യോപ്യയിൽനിന്നോ സുഡാനിലെ നൗബയിൽനിന്നോ അറേബ്യയിലെത്തിയ ആഫ്രിക്കൻ അടിമയായിരുന്നുവെന്നാണ് മറ്റൊരു പ്രസ്താവം. ബുദ്ധിമാനും വിവേകശാലിയുമായ ലുഖ്മാൻ ജീവിതത്തിന്റെ സിംഹഭാഗവും അറേബ്യയിൽ ചെലവഴിച്ചതുകൊണ്ടാണ്

അദ്ദേഹത്തിന്റെ സാരോപദേശങ്ങള്‍ അറബി ഭാഷയിലായതും അറബ്‌നാടുകളില്‍ പ്രചരിച്ചതും. അദ്ദേഹം ഇരുമ്പുപണിക്കാരനായിരുന്നുവെന്നും അതല്ല തയ്യല്‍ക്കാരനായിരുന്നുവെന്നും പ്രസ്താവമുണ്ട്. മദ്‌യനിലും ഐല (ഇന്നത്തെ അഖബ)യിലും താമസിച്ചിരുന്നു.

ലുഖ്മാന്‍ അറബി വംശജന്‍ തന്നെയാകുന്നുവെന്നാണ് മറ്റൊരു കഥ. ആദ് ഗോത്രത്തെ ദൈവശിക്ഷ ബാധിച്ചപ്പോള്‍ അതിലെ വിശ്വാസികള്‍ ഹൂദ് നബിയോടൊപ്പം പലായനം ചെയ്തു. ഈ പലായക സംഘത്തിന്റെ പിന്മുറക്കാരിലൊരാളാണ് ലുഖ്മാന്‍. യമനില്‍ അവര്‍ ഒരു രാജവംശം സ്ഥാപിച്ചു. ലുഖ്മാന്‍ ആ രാജവംശത്തിലെ ഒരു രാജാവായിരുന്നു. ശദ്ദാദുബ്‌നു ഔദ് എന്ന രാജാവ് മരിച്ചപ്പോഴാണ് അദ്ദേഹത്തിന്റെ സഹോദരന്‍ ലുഖ്മാന്‍ അധികാരമേറ്റത്. 1834-ല്‍ യമനിലെ ഹിസ്ന്‍ ഗുറാബില്‍നിന്ന് ലഭിച്ച ശിലാഫലകങ്ങള്‍ ലുഖ്മാന്‍ രേഖപ്പെടുത്തിയതാണെന്ന് സയ്യിദ് സുലൈമാന്‍ നദ്‌വി അഭിപ്രായപ്പെട്ടിരിക്കുന്നു. അവയില്‍ ഉണ്ടായിരുന്ന ലുഖ്മാനും ലുഖ്മാനുല്‍ ഹകീമും വ്യത്യസ്ത വ്യക്തികളാണെന്നും ചിലര്‍ പറയുന്നുണ്ട്.

ലുഖ്മാന്റെ നാടിനെയും വംശത്തെയും കുറിച്ച് വൈവിധ്യമാര്‍ന്ന അനേകം പ്രസ്താവങ്ങള്‍ വേറെയുമുണ്ട്. പൂര്‍വികരായ പണ്ഡിതന്മാര്‍ തന്നെയാണ് എല്ലാറ്റിന്റെയും വക്താക്കള്‍. പൗരാണിക അറബികളില്‍പെട്ട ഒരു തത്ത്വചിന്തകനായിരുന്നു ലുഖ്മാന്‍ എന്ന് കരുതാനാണ് കൂടുതല്‍ ന്യായം. അദ്ദേഹം ഇസ്രാഈല്യനായിരുന്നുവെങ്കില്‍ യഹൂദ-ക്രൈസ്തവ വിഭാഗങ്ങളിലായിരുന്നു കൂടുതല്‍ പ്രസിദ്ധനാകേണ്ടത്. അത്തരമൊരു പ്രശസ്തി അദ്ദേഹത്തിന് ആ വിഭാഗങ്ങളില്‍ കാണപ്പെടുന്നില്ല. അദ്ദേഹം ആഫ്രിക്കന്‍ അടിമയായിരുന്നുവെങ്കില്‍, ഗോത്ര ദുരഭിമാനത്തിന്റെ ആശാന്മാരായിരുന്ന ജാഹിലീ അറബികള്‍ ഒരു കറുത്ത നീഗ്രോ അടിമയെ-അയാള്‍ എത്ര വലിയ വിദ്വാനായാലും -അത്ര കണ്ട് ആദരിക്കാനും കൊണ്ടാടാനുമുള്ള സാധ്യത വിരളമാണ്. വിശുദ്ധ ഖുര്‍ആന്റെ പ്രതിപാദനത്തില്‍ ലുഖ്മാന്റെ വംശവും നാടും കാലവുമൊന്നും പ്രസക്തമാവുന്നില്ല. ഈ ഖുര്‍ആന്‍ അവതരിപ്പിക്കുന്ന തത്ത്വങ്ങള്‍ മഹാജ്ഞാനിയും വിവേകശാലിയുമെന്ന് നിങ്ങള്‍ക്ക് സര്‍വസമ്മതനായ ഒരു ഗുരുവര്യന്‍ നേരത്തേ ഉപദേശിച്ചിട്ടുള്ളതാണെന്നും അദ്ദേഹം സ്വപുത്രന് നല്‍കിയ അതേ സദുപദേശങ്ങള്‍ പിന്‍പറ്റുന്ന നിങ്ങളുടെ മക്കളോട് നിങ്ങള്‍ പെരുമാറുന്നത് നേരെ വിപരീതമായിട്ടാണെന്നും സംബോധിത സമൂഹത്തെ ഉണര്‍ത്തുകയാണ് അതിന്റെ ലക്ഷ്യം. ചില അറബികളുടെ കൈവശം ലുഖ്മാന്റെ ഉപദേശങ്ങള്‍ എഴുതിയ ഫലകങ്ങള്‍ ഉണ്ടായിരുന്നു. ലുഖ്മാനുല്‍ ഹകീം-ജ്ഞാനിയായ ലുഖ്മാന്‍- എന്നാണ് അവരദ്ദേഹത്തെ വിളിച്ചിരുന്നത്. ചരിത്രകാരന്മാര്‍ പറയുന്നു: ഹിജ്‌റക്കു മൂന്നു വര്‍ഷം മുമ്പ് മുഹമ്മദ് നബിയില്‍ തല്‍പരനായ മദീനക്കാരനായിരുന്നു സുവൈദുബ്‌നു സാമിത്. ഹജ്ജിനായി മക്കയിലെത്തുന്നവരുടെ പാര്‍പ്പിടങ്ങളില്‍ ചെന്ന് ദീനുല്‍ ഇസ്‌ലാം പരിചയപ്പെടുത്തുക നബി(സ)യുടെ പതിവായിരുന്നു. അക്കൂട്ടത്തില്‍ മക്കയിലെത്തിയ സുവൈദിനെയും നബി(സ) സന്ദര്‍ശിച്ചു. പ്രവാചകന്റെ പ്രബോധനം കേട്ട് സുവൈദ് പറഞ്ഞു: ''അങ്ങ് പറയുന്ന ഈ തത്ത്വങ്ങള്‍ എന്റെ കൈവശമുണ്ട്; ലുഖ്മാന്റെ ഏടുകള്‍!'' തുടര്‍ന്ന് പ്രവാചകന്‍ ആവശ്യപ്പെട്ടതനുസരിച്ച് സുവൈദ് തന്റെ കൈവശമുള്ള ഏടുകളിലെ ചില ഭാഗങ്ങള്‍ വായിച്ചു കേള്‍പ്പിച്ചു. പ്രവാചകന്‍: 'ഇത് വളരെ ശ്രേഷ്ഠം തന്നെ. എന്നാല്‍ ഇതിലേറെ ശ്രേഷ്ഠമായ ചില വചനങ്ങള്‍ ഞാന്‍ കേള്‍പ്പിക്കാം' എന്നു പറഞ്ഞുകൊണ്ട് ചില ഖുര്‍ആന്‍ വചനങ്ങള്‍ ഓതിക്കേള്‍പ്പിച്ചു. സുവൈദ് അതിന്റെ ശ്രേഷ്ഠത അംഗീകരിക്കുകയും ചെയ്തു. *സീറത്തു ഇബ്‌നു ഹിശാം* ഈ കഥ വിസ്തരിച്ചു പറയുന്നുണ്ട്. മദീനയില്‍ തിരിച്ചെത്തിയ സുവൈദ് അക്കാലത്ത് നടന്ന ബുഗാസ് ഗോത്ര യുദ്ധത്തില്‍ കൊല്ലപ്പെടുകയായിരുന്നു.

അറബികള്‍ ലുഖ്മാന് നല്‍കിയ 'അല്‍ ഹകീം' -ജ്ഞാനി- എന്ന വിശേഷണത്തെ അംഗീകരിച്ചുകൊണ്ടാണ് ഇവിടെ آتَيْنَا لُقْمَانَ الْحِكْمَةَ എന്നു പറയുന്നത്. حِكْمَةَ -ന്റെ അര്‍ഥം നേരത്തേ വിശദീകരിക്കപ്പെട്ടിരിക്കുന്നു. കാര്യത്തിന്റെ പൊരുളറിയലും മൗലിക തത്ത്വങ്ങള്‍ താല്‍പര്യപ്പെടുന്ന പ്രായോഗിക നടപടികളുമാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ട حِكْمَةَ . അല്ലാഹുവിനോട് നന്ദിയും കൂറുമുള്ളവനായിരിക്കുക എന്നതാണ് അല്ലാഹു അദ്ദേഹത്തിനു നല്‍കിയ മഹത്തായ ജ്ഞാനം-حِكْمَةَ. ഇത് യഥാര്‍ഥത്തില്‍ സര്‍വജ്ഞനും സര്‍വാധികാരിയുമായ ഏകദൈവമാകുന്നു എന്ന അടിസ്ഥാന ജ്ഞാനത്തിന്റെ പ്രാഗ് രൂപമാകുന്നു. സൃഷ്ടിക്ക് ജന്മവും ജീവിതവും ജീവിതത്തിനാവശ്യമായ സകലമാന സജ്ജീകരണങ്ങളും ഒരുക്കിത്തന്നത് അല്ലാഹു മാത്രമാണ്. ഈ യാഥാര്‍ഥ്യബോധം നമ്മുടെ ആത്യന്തികമായ നന്ദിയും കൂറും അവനോടായിരിക്കല്‍ എന്നതിനെ അനിവാര്യമാക്കുന്നു. ഇതേ നന്ദിയും കൂറും തന്നെയാകുന്നു മനുഷ്യന് ദൈവത്തോടും ദൈവദാസന്മാരോടുമുള്ള എല്ലാ ഉത്തരവാദിത്തങ്ങളും തിരിച്ചറിയാനുള്ള താക്കോല്‍. ഒരാള്‍ ജ്ഞാനിയും ദാര്‍ശനികനുമാകുന്നതിനുള്ള പ്രാഥമികോപാധിയാണ് അയാളില്‍ ദൈവത്തോട് നന്ദിയും കൂറുമുണ്ടായിരിക്കുക. അല്ലാഹുവിനോട് നന്ദിയുള്ളവനാവുക അല്ലെങ്കില്‍ നന്ദി ചെയ്യുക. اشْكُرْ لِلَّهِ ഒരു മനോഭാവത്തെ മാത്രം കുറിക്കുന്ന വാക്കല്ല. നന്ദിയും കൂറും ആ വികാരങ്ങള്‍ ആവശ്യപ്പെടുന്ന സ്നേഹവും ഭക്തിയും അനുസരണവും ആരാധനയും എല്ലാം ഉള്‍ക്കൊള്ളുന്ന സമഗ്രമായ ജീവിത വീക്ഷണമാണത്. മറ്റൊരു വിധത്തില്‍ പറഞ്ഞാല്‍ ഈമാനിന്റെയും സല്‍ക്കര്‍മത്തിന്റെയും-عمل الصالحات പര്യായം.

അല്ലാഹുവിനോട് നന്ദിയുള്ളവരാവണമെന്ന് സൃഷ്ടികളോടാവശ്യപ്പെടുന്നത് അവരുടെ നന്ദിപ്രകടനത്തിലൂടെ അല്ലാഹുവിന് എന്തെങ്കിലും നേടാനുള്ളതുകൊണ്ടല്ല; പ്രത്യുത അല്ലാഹുവിനോട് നന്ദിയുള്ളവരാകുന്നതിലൂടെ സൃഷ്ടി തന്നോടുതന്നെ നന്ദിയുള്ളവനാവുകയാണ്. അല്ലാഹുവിനോട് നന്ദിയോടെ വര്‍ത്തിക്കുന്നവന്‍ തന്റെ ഇഹപര ജീവിതങ്ങള്‍ സഫലവും സൗഭാഗ്യകരവുമാക്കുന്നു. അല്ലാഹുവിനോട് നന്ദികെട്ടവനാകുന്നത് ചെകുത്താനോട് നന്ദിയും കൂറുമുള്ളതിനു തുല്യമാകുന്നു. ചെകുത്താനാകട്ടെ മനുഷ്യന്റെ ഇഹപര ജീവിതങ്ങള്‍ നശിപ്പിക്കാന്‍ പ്രതിജ്ഞയെടുത്തവനാണ്. ഇതാണ് وَمَن يَشْكُرْ فَإِنَّمَا يَشْكُرُ لِنَفْسِهِ എന്ന വാക്യത്തിന്റെ സാരം. ഈ ആശയം സൂറഃ *അര്‍റൂം* 44-ാം സൂക്തത്തില്‍ وَمَنْ عَمِلَ صَالِحًا فَلِأَنفُسِهِمْ يَمْهَدُونَ (സല്‍ക്കര്‍മമാചരിക്കുന്നവര്‍ അവര്‍ക്കു വേണ്ടിത്തന്നെ വഴിയൊരുക്കുന്നുണ്ട്) എന്നും സൂറഃ *ഫുസ്സിലത്ത്* 46-ാം സൂക്തത്തില്‍ مَّنْ عَمِلَ صَالِحًا فَلِنَفْسِهِ وَمَنْ أَسَاءَ فَعَلَيْهَا (സല്‍ക്കര്‍മം ചെയ്യുന്നവന്‍ അതു ചെയ്യുന്നത് തനിക്കു വേണ്ടിത്തന്നെയാണ്. തിന്മ ചെയ്യുന്നവന്‍ തനിക്കെതിരായിട്ടും ചെയ്യുന്നു) എന്നും അവത

രിപ്പിച്ചിരിക്കുന്നു. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം സൃഷ്ടികൾ നന്ദികേടും വേറുകൂറും കാണിക്കുന്നതുകൊണ്ട് അവന് ഒരു കോട്ടവും വരാനില്ല. അവൻ തന്നിൽതന്നെ എല്ലാം തികഞ്ഞവനും ഒന്നിനും പരാശ്രയമാവശ്യമില്ലാത്തവനും സ്വയം സ്തുത്യനുമാകുന്നു. حَمِيدٌ-ന് ഏറ്റം സ്തുതിക്കപ്പെടുന്നവൻ എന്ന ആശയത്തിനുപരി, ആരും സ്തുതിച്ചില്ലെങ്കിൽ തന്നിൽ തന്നെ സ്തുതിക്കപ്പെടുന്നവനായി വാഴുന്നവൻ എന്ന ആശയവും കൂടിയുണ്ട്. മനുഷ്യൻ എത്ര മഹത്തായ കാര്യം ചെയ്താലും ആരെങ്കിലും അറിയുകയും പ്രശംസിക്കുകയും ചെയ്തില്ലെങ്കിൽ കർത്താവ് സ്തുതിക്കപ്പെട്ടവനാകുന്നില്ല. സന്തോഷിക്കുന്നുമില്ല. അല്ലാഹുവിന്റെ കാര്യം അതല്ല. അവൻ സദാനന്ദനും സർവശക്തനുമാണ്. അവന്റെ ആനന്ദത്തെ അൽപം പോലും ഹനിക്കാൻ കഴിയുന്നവരാരുമില്ല.

ലുഖ്മാന് ഹിക്മത്ത് നൽകിയ- آتَيْنَا لُقْمَانَ الْحِكْمَةَ എന്നാണ് ഇവിടെ പറയുന്നത്. ഇതിനർഥം അദ്ദേഹത്തെ പ്രവാചകനായി നിയോഗിച്ചു എന്നാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും പ്രവാചകത്വമില്ലാത്ത മതതത്ത്വജ്ഞാനി മാത്രമായിരുന്നു അദ്ദേഹമെന്നാണ് ബഹുഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കളുടെയും നിലപാട്. അദ്ദേഹം പ്രവാചകനായിരുന്നുവെന്ന് ഖുർആനും എവിടെയും പറയുന്നില്ല. മുഹമ്മദ് നബിയും പറഞ്ഞിട്ടില്ല. ലുഖ്മാൻ എന്ന പേരിൽ ഒരു പ്രവാചകനുണ്ടായിരുന്നതായി ചരിത്രവുമില്ല. അദ്ദേഹത്തിന്റെ ജ്ഞാനലബ്ധിയെ അല്ലാഹു നൽകിയതായി പറയുന്നതിന്റെ താൽപര്യമിതാണ്: ദൈവിക ദീൻ-ഇസ്‌ലാം- അല്ലാഹു മനുഷ്യസൃഷ്ടിയിൽ ഊട്ടിയിട്ടുള്ള പ്രകൃതി മതമാണ്. സൂറഃ *അർറൂം* 30-ാം സൂക്തം ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. പ്രവാചകസന്ദേശമോ വേദങ്ങളോ ലഭിക്കാത്തവർ സ്വന്തം പ്രകൃതിയെ മലിനപ്പെടുത്താതെ, വികൃതമാക്കാതെ സത്യാന്വേഷണ താൽപര്യത്തോടെ തന്നെക്കുറിച്ചും പ്രപഞ്ചത്തിന്റെ യാഥാർഥ്യത്തെക്കുറിച്ചും ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഏകത്വത്തിലും സൃഷ്ടികൾക്ക് അവനോടുള്ള ബാധ്യതകളിലും സ്വയം എത്തിച്ചേരാൻ അല്ലാഹു തൗഫീഖ് നൽകുന്നു. ഖുർആൻ പഠിപ്പിക്കുന്നതും അവിശ്വാസികൾ നിഷേധിക്കുന്നതുമായ സത്യങ്ങൾ അല്ലാഹു മനുഷ്യനിൽ ഊട്ടിയ പ്രകൃതിയിലൂടെ തന്നെ കണ്ടെത്താൻ കഴിയുമെന്നതിന്റെയും അങ്ങനെ കണ്ടെത്തിയതിന്റെയും ഉദാഹരണം കൂടിയാകുന്നു ലുഖ്മാനുൽ ഹകീം. ●

**തിരുത്ത്**

*ഖുർആൻ ബോധനം* 998 (ലക്കം 3086) പേജ് 33, ഖണ്ഡിക 1, വരി 14-ൽ 'അൽ അഅ്റാഫ് 130-ാം സൂക്തത്തിലൂടെ' എന്ന് അച്ചടിച്ചത് 'ആലുഇംറാൻ 13-ാം സൂക്തത്തിലൂടെ' എന്നും, 1003(ലക്കം 3091)ൽ പേജ് 30, ഖണ്ഡിക 2, വരി 11-ൽ 'സൂക്തങ്ങൾ മക്കിയാണെന്ന്' എന്ന് അച്ചടിച്ചത് 'സൂക്തങ്ങൾ മദനിയാണെന്ന്' എന്നും ഖണ്ഡിക 3, വരി 10-ൽ 'അവതരണം മക്കയിലായിരിക്കൽ' എന്ന് അച്ചടിച്ചത് 'അവതരണം മദീനയിലായിരിക്കൽ' എന്നും തിരുത്തി വായിക്കേണ്ടതാണ്. പിശകു പറ്റിയതിൽ ഖേദിക്കുന്നു. ചൂണ്ടിക്കാണിച്ച സഹൃദയർക്ക് നന്ദി.

*പത്രാധിപർ*